പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3833

25.6.2013-ൽ മറുപടിക്ക്

## പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) ഈ നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലാണ്. നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസും പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് & ഇൻേറർണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിൻെറ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ സമഗ്രമായ പ്രവർത്തന അവലോകന സംവിധാനം ഏർപ്പെടുത്തുക, പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നൂതന സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, കേന്ദ്രീകൃതമായി നിയമനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം, ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ കണ്ടെത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പ് വരുത്താനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;<br>(ഡി) ബോർഡിൻെറ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം? | <u>(സി) യും (ഡി യും</u><br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പബ്ലിക് സെക്ടർ എൻറർപ്രൈസസ് ബോർഡ് (PSEB) മുഖേന നിർവ്വഹിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്ന ചുമതലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

A H [signature]

സെക്ഷൻ ഓഫീസർ

അനുബന്ധം

- വാണിജ്യമേഖലയിലും, Welfare, Utilities എന്നീ മേഖലകളിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും, സർക്കാരിൽ നിന്നും കൂടുതൽ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ ഉറപ്പുവരുത്തുക.
- സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ Corporate Governance സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ഉന്നതതല നടപടികൾ.
- കമ്പനികളുടെ മാനേജിംഗ് ഡയറക്ടേഴ്സിന്റെ നിയമനം, ഡയറക്ടർ ബോർഡുകളിൽ സ്വതന്ത്ര ഡയറക്ടർമാർ, Functional ഡയറക്ടർമാർ, സീനിയർ മാനേജ്മെന്റ് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നിയമനം എന്നിവയ്ക്കായി വളരെ സുതാര്യവും ക്രമീകൃതവുമായ സംവിധാനം നടപ്പിലാക്കുക.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം, പുതിയ പദ്ധതികൾ, വൈവിദ്ധ്യവൽക്കരണം / വിപുലീകരണം എന്നിവയിന്മേൽ സർക്കാരിന് ഉപദേശം നൽകുക.
- പൊതുമേഖലാസ്ഥാപനങ്ങൾക്കായി പൊതുവായ ഒരു Common Management Cadre സംവിധാനവും നടപ്പിലാക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളിൽ MoU System, ധനവിനിയോഗം, ഉൽപ്പാദനക്ഷമത എന്നിവ ഉറപ്പുവരുത്തുക എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്രമായ പ്രവർത്തന അവലോകന സംവിധാനം നടപ്പിൽ വരുത്തുക.
- കാര്യക്ഷമമായി മാനേജ്മെന്റ് ആഡിറ്റ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കുക, ബോർഡ് തലത്തിലുള്ള ആഡിറ്റ് കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുക.
- പൊതുമേഖലാസ്ഥാപനങ്ങളിൽ മാനവവിഭവശേഷി കാര്യക്ഷമമാക്കത്തക്ക വിധത്തിലുള്ള പരിശീലനപരിപാടികൾ ആവിഷ്ക്കരിക്കുകയും അവയുടെ നിരീക്ഷണവും.
- പൊതുമേഖലാസ്ഥാപനങ്ങളിൽ സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ശുപാർശനൽകുക, അവയുടെ പ്രവർത്തനം അവലോകനം നടത്തുക.
- പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ ഉപയോഗം, e-governance, e-procurement എന്നിവ നടപ്പിൽ വരുത്തുന്നതിനുള്ള ശുപാർശ നൽകുകയും അവയുടെ നിരീക്ഷണവും.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുക.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സാങ്കേതിക വിദ്യയുൾപ്പെടെയുള്ള വിഷയങ്ങളിൽ ആശയ വിനിമയം നടത്തുന്നതിനായി ബന്ധങ്ങൾ സ്ഥാപിക്കുക.

Adithya B

സെക്ഷൻ ഓഫീസർ